പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3318

24.06.2013 ലെ മറുപടിയ്ക്ക്

# വന ഗവേഷണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) പീച്ചിയിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ എന്തൊക്കെയാണ് ; ഏതെല്ലാം വിഭാഗത്തിലാണ് ഗവേഷണങ്ങൾ നടക്കുന്നത് ; ആരുടെയൊക്കെ നേതൃത്വത്തിലാണ് ; വിശദമാക്കുമോ ; | (എ) പീച്ചിയിലെ കേരള വന ഗവേഷണ സ്ഥാപനത്തിലെ 17 ഗവേഷണ വകുപ്പുകളായ സിൽവികൾച്ചർ, ഫോറസ്റ്റ് ജെനറ്റിക്സ് & ട്രീ ബ്രീഡിംങ്, ബയോടെക്നോളജി, ഫോറസ്റ്റ് ഇക്കോളജി, ഫോറസ്റ്റ് ബോട്ടണി, നോൺ-ടിംബർ ഫോറസ്റ്റ് പ്രൊഡ്യൂസസ്, വൈൽഡ് ലൈഫ് ബയോളജി, ഫോറസ്റ്റ് എന്റമോളജി, ഫോറസ്റ്റ് പത്തോളജി, വുഡ് സയൻസ് & ടെക്നോളജി, ഫോറസ്റ്റ് ഇക്കോണമിക്സ്, സോഷ്യോളജി എന്നിവയിലായാണ് വിവിധ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടക്കുന്നത്.<br><br>പ്രധാനമായും ട്രീ കൺസർവേഷൻ, പ്രൊഡക്ഷൻ ഫോറസ്ട്രി, എൻവിറോൺമെന്റ് പ്രൊട്ടക്ഷൻ, കൺസർവേഷൻ പ്ലാന്റേഷൻ ടെക്നിക്സ്, ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ, വന്യജീവി സംരക്ഷണം, ബയോഡൈവേഴ്സിറ്റി ഡോക്യുമെന്റേഷൻ, എൻവിറോൺമെന്റൽ എഡ്യൂക്കേഷൻ, പ്ലാന്റേഷൻ മാനേജ്മെന്റ്, വുഡ് സയൻസ്, വുഡ് ടെക്നോളജി, വുഡ് പ്രിസർവേഷൻ, ഫോറസ്റ്റ് പോളിസി, ടിംബർ പ്രൈസിങ്, പ്ലാന്റ് പ്രൊട്ടക്ഷൻ, നഴ്സറി തൈകൾ ഉൽപാദനം, ഔഷധ സസ്യങ്ങൾ, ഇൻഫർമേഷൻ ഡാറ്റ മാനേജ്മെന്റ്, ബയോടെക്നോളജി, ജൈവ കീട നിയന്ത്രണം, വന തോട്ടങ്ങളുടെ പരിപാലനം, വന തോട്ടങ്ങൾ ഉണ്ടാക്കൽ, വന വൃക്ഷങ്ങളുടെ വിത്ത് സംഭരണവും വിതരണവും, വന വൃക്ഷ തൈകളുടെ ഉൽപാദനം, കാർഷിക വന വൽക്കരണം, തണ്ണീർതടം, കണ്ടൽ വനം, തീരപ്രദേശ വനവൽക്കരണം, പാരിസ്ഥിതിക ആഘാത പഠനം തുടങ്ങിയ മേഖലകളിലാണ് ഗവേഷണം നടന്നു വരുന്നത് (**അനുബന്ധം-1** |

ആയി ചേർത്തിരിക്കുന്നു). സമയബന്ധിത ഗവേഷണ പദ്ധതികളായാണ് നടത്തുന്നത്. ഗവേഷണ വകുപ്പുകളിലെ ശാസ്ത്രജ്ഞൻ മാരുടെ നേതൃത്വത്തിലാണ് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത്.

പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വനം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു.

| | |
|---|---|
| (ബി) വിവിധ ഗവേഷണങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവാക്കുന്ന ഫണ്ടുകൾ ഏതെല്ലാം ; ചെലവാക്കിയ തുകയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ; | (ബി) 2012-2013 കാലഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 469.44 ലക്ഷം രൂപയും, കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഏജൻസികളായ വനം-പരിസ്ഥിതി മന്ത്രാലയം, സയൻസ് & ടെക്നോളജി വിഭാഗം, നാഷണൽ ബാംബൂ മിഷനിൽ നിന്നും ലഭിച്ച 46.71 ലക്ഷം രൂപയും ആണ് ഗവേഷണ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.<br><br>സംസ്ഥാന സർക്കാരിന്റെ Non-Plan ഇനത്തിൽ Budget Head 2406-01-004-95 Kerala Forest Development Fund Forest Research-ൽ ആകെ 65,00,000/- രൂപ 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായി. ആയത് ചെലവാക്കിയതിന്റെ വിവരം അനുബന്ധം-3 ആയി ചേർക്കുന്നു. |
| (സി) കേരളത്തിൽ വന ഗവേഷണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വന മേഖലകൾ ഏതെല്ലാം ; പ്രസ്തുത വന മേഖലകളിൽ ഗവേഷകർ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ? | (സി) വിവിധ വനത്തോട്ടങ്ങൾ, വൈൽഡ് ലൈഫ് സാങ്ച്ചറീസ്, സംരക്ഷിത മേഖലകൾ, ദേശീയ ഉദ്യാനങ്ങൾ, നിക്ഷിപ്ത വന മേഖലകൾ, സ്വാഭാവിക വനങ്ങൾ, സാമൂഹിക വനങ്ങൾ, നദീ തടങ്ങൾ, തണ്ണീർ തടങ്ങൾ, കണ്ടൽ വനങ്ങൾ എന്നിവ ഉൾപ്പെടുന്ന വിവിധ വന മേഖലകളിലാണ് ഗവേഷണ പ്രൊജക്ടുകൾ നടപ്പിലാക്കുന്നത്. ഗവേഷണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും അനുബന്ധമായ ആവശ്യങ്ങൾക്കുമായി പ്രൊജക്ടുകളുടെ പ്രത്യേകതകൾക്കനുസരിച്ച് വ്യത്യസ്ത കാലയളവിലാണ് ഗവേഷകർ പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്ത് സന്ദർശനം നടത്തുന്നത്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ